ചുരുക്കത്തിൽ

ജയനഗറിൽ റീകൗണ്ടിങ്: ബിജെപി ജയം 16 വോട്ടിന്

മംഗളൂരു

പോസ്റ്റൽ ബാലറ്റിലെ തർക്കത്തെത്തുടർന്ന് വീണ്ടും വോട്ടെണ്ണിയ ബംഗളൂരു ജയനഗർ മണ്ഡലത്തിൽ ബിജെപി സ്ഥാനാർഥി സി കെ രാമമൂർത്തി വിജയിച്ചു. 16 വോട്ട് ഭൂരിപക്ഷത്തിലായിരുന്നു ജയം. നേരത്തേ കോൺഗ്രസിലെ സൗമ്യ റെഡ്ഡി 294 വോട്ട് ഭൂരിപക്ഷത്തിൽ ജയിച്ചെന്ന് പ്രഖ്യാപിച്ചതിനെത്തുടർന്ന് ബിജെപി പരാതിയുമായി രംഗത്തെത്തുകയായിരുന്നു. ആദ്യ ഘട്ടത്തിൽ തള്ളിയ 177 പോസ്റ്റൽ വോട്ട് വീണ്ടും എണ്ണണമെന്നായിരുന്നു ബിജെപിയുടെ ആവശ്യം. പരാതിയെത്തുടർന്ന് തെരഞ്ഞെടുപ്പ് കമീഷന്റെ ഉന്നത ഉദ്യോഗസ്ഥരടക്കം സ്ഥലത്തെത്തി 177 പോസ്റ്റൽ വോട്ടുകൂടി എണ്ണാൻ തീരുമാനിച്ചതോടെയാണ് രാമമൂർത്തിയുടെ ജയം.

അതേസമയം, വോട്ടെണ്ണലിൽ തിരിമറി നടന്നെന്ന് ആരോപിച്ച് കർണാടക കോൺഗ്രസ് അധ്യക്ഷൻ ഡി കെ ശിവകുമാർ പോളിങ് ബൂത്തിനു പുറത്ത് പ്രതിഷേധിച്ചു. ശിവകുമാർ തെരഞ്ഞെടുപ്പ് സമിതിക്ക് പരാതി നൽകി. 224 അംഗ കർണാടക നിയമസഭയിൽ കോൺഗ്രസ് അംഗസംഖ്യ 135 ആയി കുറഞ്ഞു. ബിജെപി 66 സീറ്റിൽ വിജയിച്ചു.

കോൺഗ്രസിനെ വലയ്ക്കുന്ന ദൗർബല്യം

നിയമസഭയിൽ ജയിക്കും; ലോക്സഭയിൽ തോൽക്കും

എം പ്രശാന്ത്

ന്യൂഡൽഹി

- അധികാരത്തിലുള്ള സംസ്ഥാനങ്ങളിലും 2014, 2019 പൊതു തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് തകർന്നടിഞ്ഞു

നിയമസഭാ തെരഞ്ഞെടുപ്പുകളിലെ ജയം തൊട്ടുപിന്നാലെയുള്ള ലോക്സഭാ തെരഞ്ഞെടുപ്പിൽ ആവർത്തിക്കാൻ കഴിയാത്തത് കോൺഗ്രസിനെ വലയ്ക്കുന്ന സ്ഥിരം ദൗർബല്യം. കർണാടകം, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പിന് പിന്നാലെ വന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ വൻകുതിപ്പ് നടത്തിയാണ് 2014 ലും 2019 ലും ബിജെപി കേന്ദ്രത്തിൽ അധികാരം പിടിച്ചത്.

കർണാടകത്തിൽ 2013ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 122 സീറ്റോടെ കോൺഗ്രസ് അധികാരത്തിലെത്തി. ബിജെപി 30ൽ ഒതുങ്ങി. എന്നാൽ, 2014ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ചിത്രം മാറി. ആകെ 28 സീറ്റിൽ 17ലും ബിജെപി ജയിച്ചു. കോൺഗ്രസിന് ഒമ്പത് സീറ്റ്. നിയമസഭാ തെരഞ്ഞെടുപ്പിൽ 20 ശതമാനമായിരുന്ന ബിജെപിയുടെ വോട്ടുവിഹിതം ലോക്സഭയിൽ 43 ശതമാനത്തിലേക്ക് ഉയർന്നു.

2018ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് 104ഉം കോൺഗ്രസിന് 80ഉം സീറ്റ് കിട്ടി. മാസങ്ങൾക്കുശേഷം ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി 25 സീറ്റ് ജയിച്ചപ്പോൾ കോൺഗ്രസ് ഒറ്റ സീറ്റിലൊതുങ്ങി. 2018ൽ 100 സീറ്റോടെ രാജസ്ഥാനിൽ കോൺഗ്രസ് അധികാരത്തിലെത്തി. എന്നാൽ, 2019ൽ ലോക്സഭാ തെരഞ്ഞെടുപ്പിൽആകെയുള്ള 25 സീറ്റും ബിജെപി പിടിച്ചു. 2014ലും രാജസ്ഥാനിലെ 25 ലോക്സഭാ സീറ്റും ബിജെപി നേടി.

മധ്യപ്രദേശിൽ 2018ൽ 114 സീറ്റിൽ കോൺഗ്രസ് ജയിച്ചു. ബിജെപിക്ക് 109. എന്നാൽ, ലോക്സഭാ തെരഞ്ഞെടുപ്പിൽ ആകെയുള്ള 29ൽ 28ലും ബിജെപി ജയിച്ചു. 2014 ലോക്സഭാ തെരഞ്ഞെടുപ്പിൽ 27 സീറ്റ് ബിജെപി നേടിയിരുന്നു. ഛത്തീസ്ഗഢിൽ 2018ൽ 68 സീറ്റ് നേടി കോൺഗ്രസ് അധികാരം പിടിച്ചു. ബിജെപിക്ക് കിട്ടിയത് 15 മാത്രം. ലോക്സഭാ തെരഞ്ഞെടുപ്പിൽ ആകെയുള്ള 11ൽ ഒമ്പതും ബിജെപി നേടി.

കോൺഗ്രസ് ഭരണം 4 സംസ്ഥാനത്ത്

സ്വന്തം ലേഖകൻ

ന്യൂഡൽഹി

- ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ പത്തായി ചുരുങ്ങി

കർണാടകത്തിൽ ജയിച്ചതോടെ കോൺഗ്രസ് ഭരണത്തിലുള്ള സംസ്ഥാനങ്ങളുടെ എണ്ണം നാലായി ഉയർന്നു. ഉടൻ നിയമസഭാ തെരഞ്ഞെടുപ്പിലേക്ക് നീങ്ങുന്ന രാജസ്ഥാനും ഛത്തീസ്ഗഢുമാണ് ഭരണത്തിലുള്ള രണ്ടു സംസ്ഥാനം. കഴിഞ്ഞ വർഷം ഹിമാചലിൽ അധികാരത്തിൽ തിരിച്ചെത്തിയപ്പോൾ പഞ്ചാബ് നഷ്ടമായി. മധ്യപ്രദേശിൽ 2018ൽ ഭരണം പിടിച്ചെങ്കിലും ജ്യോതിരാധിത്യ സിന്ധ്യ ബിജെപിയിൽ ചേർന്നതോടെ കോൺഗ്രസ് സർക്കാർ വീണു. ബിഹാറിൽ ആർജെഡിയുടെയും തമിഴ്നാട്ടിൽ ഡിഎംകെയുടെയും ജൂനിയർ പാർട്ണറായി കോൺഗ്രസ് ഭരണമുന്നണിയിലുണ്ട്. ഈ രണ്ടു സംസ്ഥാനത്തും ഇടതുപക്ഷവും ഭരണമുന്നണിയുടെ ഭാഗമാണ്. ജാർഖണ്ഡിൽ ജെഎംഎം സർക്കാരിലും ഘടകകക്ഷിയായി കോൺഗ്രസുണ്ട്.

കർണാടകത്തിൽ ഭരണം പോയതോടെ ബിജെപി തനിച്ച് ഭരിക്കുന്ന സംസ്ഥാനങ്ങൾ എണ്ണം പത്തിലേക്ക് ചുരങ്ങി. ഇതിൽ ഗുജറാത്തും മധ്യപ്രദേശും ഉത്തർപ്രദേശും ഹരിയാനയും അസമും മാത്രമാണ് വലിയ സംസ്ഥാനങ്ങൾ. അരുണാചൽ, മണിപ്പുർ, ത്രിപുര എന്നീ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഗോവ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലും ബിജെപി അധികാരത്തിലുണ്ട്. മേഘാലയ, നാഗാലാൻഡ്, മിസോറം, സിക്കിം എന്നീ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ബിജെപി ഭരണമുന്നണിയുടെ ഭാഗമാണ്. മഹാരാഷ്ട്രയിലും പുതുച്ചേരിയിലും ബിജെപി സഖ്യസർക്കാരാണ്. ബിജെപിയും കോൺഗ്രസും മുഖാമുഖം ഏറ്റുമുട്ടുന്ന വലിയ സംസ്ഥാനങ്ങൾ രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവയാണ്.

പൊതുതെരഞ്ഞെടുപ്പിന് മുമ്പ് 5 സംസ്ഥാനത്ത് ‘സെമി ഫൈനൽ’

സ്വന്തം ലേഖകൻ

ന്യൂഡൽഹി

അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് നടക്കാനുള്ളത് രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, തെലങ്കാന, മിസോറം എന്നീ സംസ്ഥാന നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പ്. രാജസ്ഥാനിലും ഛത്തീസ്ഗഢിലും കോൺഗ്രസാണ് ഭരണത്തിൽ. മധ്യപ്രദേശിൽ ബിജെപിയും തെലങ്കാനയിൽ ടിആർഎസും മിസോറമിൽ മിസോ നാഷണൽ ഫ്രണ്ടും. മധ്യപ്രദേശിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം സർക്കാർ രൂപീകരിച്ചത് കോൺഗ്രസാണെങ്കിലും 22 എംഎൽഎമാരുമായി ജ്യോതിരാദിത്യ സിന്ധ്യ ബിജെപിയിൽ ചേർന്നതോടെ ഭരണംപോയി.

ഈ മൂന്ന് സംസ്ഥാനത്തും കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെ പ്രകടനം ആവർത്തിക്കുക കോൺഗ്രസിന് എളുപ്പമല്ല. രാജസ്ഥാനിലും ഛത്തീസ്ഗഢിലും ഗ്രൂപ്പുപോരാണ് കോൺഗ്രസിനെ വലയ്ക്കുന്നത്. മധ്യപ്രദേശിൽ സിന്ധ്യ പോയതോടെ കോൺഗ്രസ് ക്ഷീണത്തിലാണ്. തെലങ്കാനയിൽ മുഖ്യപ്രതിപക്ഷമായ കോൺഗ്രസിനെ പിന്തള്ളി ഉപതെരഞ്ഞെടുപ്പുകളിൽ ബിജെപി രണ്ടാമതെത്തിയിരുന്നു. രാജസ്ഥാനിൽ മുഖ്യമന്ത്രി അശോക് ഗെലോട്ടും മുൻ ഉപമുഖ്യമന്ത്രി സച്ചിൻ പൈലറ്റും പരസ്യ വിഴുപ്പലക്കലിലാണ്. ഛത്തീസ്ഗഢിലും മുഖ്യമന്ത്രി ഭൂപേഷ് ബാഗേലും മുതിർന്ന നേതാവ് ടി എസ് സിങ് ദേവും തമ്മിൽ ഏറ്റുമുട്ടലിലാണ്.

അഴിമതിക്കെതിരെ പോരാടാൻ ഗെലോട്ട് തയ്യാറാകുന്നില്ലെന്ന് സച്ചിൻ

സ്വന്തം ലേഖകൻ

ന്യൂഡൽഹി

- അശോക് ഗെലോട്ടിനെതിരെ കുറ്റാരോപണങ്ങൾ ഉയർത്തിയുള്ള സച്ചിൻ പൈലറ്റിന്റെ പദയാത്ര ഇന്ന് സമാപിക്കും

അഴിമതിക്കെതിരെ പോരാടാൻ രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ട് തയ്യാറാകുന്നില്ലെന്ന് തുറന്നടിച്ച് കോൺഗ്രസ് നേതാവും മുൻ ഉപമുഖ്യമന്ത്രിയുമായ സച്ചിൻ പൈലറ്റ്. സംസ്ഥാനത്തിന്റെ മുഖമാണ് മുഖ്യമന്ത്രി. താനും അദ്ദേഹവും അഴിമതിക്കെതിരായി യോജിച്ച് പോരാടേണ്ടതായിരുന്നു. ദൗർഭാഗ്യവശാൽ അദ്ദേഹം നടപടികളിലേക്ക് കടക്കാൻ കൂട്ടാക്കിയില്ല. കർണാടക ബിജെപി സർക്കാരിനെതിരെ കോൺഗ്രസ് ഉയർത്തിയ അഴിമതി ആക്ഷേപങ്ങൾ ശരിയായിരുന്നെന്ന് തെരഞ്ഞെടുപ്പ് ഫലം തെളിയിച്ചു– പൈലറ്റ് പറഞ്ഞു. ഗെലോട്ട് അഴിമതിയോട് സന്ധി ചെയ്യുകയാണെന്ന് ആരോപിച്ച് അജ്മീർമുതൽ ജയ്പുർവരെ അഞ്ചുദിവസം നീളുന്ന ജനസംഘർഷ് യാത്രയുടെ നാലാം ദിവസമാണ് സച്ചിൻ ആരോപണങ്ങൾ ആവർത്തിച്ചത്. പദയാത്ര തിങ്കളാഴ്ച ജയ്പുരിൽ വൻ റാലിയോടെ സമാപിക്കും.

അതിനിടെ തനിക്ക് ബിജെപി മുൻ മുഖ്യമന്ത്രി വസുന്ധര രാജെയുമായി ഒരു സൗഹൃദവുമില്ലെന്ന് ഗെലോട്ട് പ്രതികരിച്ചു. വസുന്ധര അടക്കമുള്ള ബിജെപി നേതാക്കൾ ഒരു ഘട്ടത്തിൽ തന്റെ സർക്കാരിനെ സംരക്ഷിച്ചെന്നു പറഞ്ഞത് ചിലരിൽനിന്ന് കേട്ട കാര്യമാണെന്നും സച്ചിന് പരിഹസിച്ചുകൊണ്ട് ഗെലോട്ട് പറഞ്ഞു.

ഗെലോട്ട്– സച്ചിൻ പോര് എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാത്ത പ്രതിസന്ധിയിലാണ് ഹൈക്കമാൻഡ്.

22 ദിവസം പിന്നിട്ട് ഗുസ്തി താരങ്ങളുടെ സമരം

ബിജെപി വനിതാ എംപിമാർ മിണ്ടാത്തതെന്ത്

- ബിജെപിയുടെ 43 വനിതാ എംപിമാർക്ക് കത്തയച്ച് ഗുസ്തിതാരങ്ങൾ
- സ്മൃതി ഇറാനി, നിർമല സീതാരാമൻ തുടങ്ങിയവർക്ക് നേരിട്ടും കത്ത് കൈമാറും

സ്വന്തം ലേഖകൻ

ന്യൂഡൽഹി

ഗുസ്തി താരങ്ങളുടെ സമരവേദിയിൽ അഖിലേന്ത്യ കർഷക തൊഴിലാളി യൂണിയൻ പ്രസിഡന്റ് ബി വെങ്കട്ടും ജോയിന്റ് സെക്രട്ടറി വി ശിവദാസൻ എംപിയും സാക്ഷി മലികിനൊപ്പം ഫോട്ടോ: പി വി സുജിത്

ബേട്ടി പഠാവോ, ബേട്ടി ബച്ചാവോ മുദ്രാവാക്യം ഉയർത്തുന്ന ബിജെപിയുടെ വനിതാ എംപിമാർ ഗുസ്തി താരങ്ങളുടെ സമരത്തെ അവഗണിക്കുന്നതിൽ രൂക്ഷവിമർശവുമായി സമരം ചെയ്യുന്ന ഗുസ്തി താരങ്ങൾ. കേന്ദ്ര വനിതാ ശിശുക്ഷേമമന്ത്രി സ്മൃതി ഇറാനി, ധനമന്ത്രി നിർമല സീതാരാമൻ തുടങ്ങി ബിജെപിയുടെ 43 വനിത എംപിമാർക്ക് പിന്തുണ ആവശ്യപ്പെട്ട് ഇ– മെയിലയച്ചു. തിങ്കൾമുതൽ സമരക്കാരെ പ്രതിനിധാനം ചെയ്ത് മറ്റു താരങ്ങൾ ഇവർക്ക് നേരിട്ടും കത്ത് നൽകും. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയടക്കം ഏഴ് വനിതാ ഗുസ്തി താരങ്ങളെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ പ്രതിയായ ഗുസ്തി ഫെഡറേഷൻ പ്രസിഡന്റും ബിജെപി എംപിയുമായ ബ്രിജ്ഭൂഷണെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടാണ് 22 ദിവസമായി ജന്തർമന്തറിൽ സമരം തുടരുന്നത്.

സ്ത്രീകൾ എന്ന നിലയിലെങ്കിലും നീതിക്കായുള്ള സമരത്തെ പിന്തുണയ്ക്കണമെന്ന് വിനേഷ് ഫോഗട്ട്, സാക്ഷി മലിക്, ബജ്റംഗ് പൂനിയ എന്നിവർ കത്തിൽ എംപിമാരോട് അഭ്യർഥിച്ചു. അതേസമയം, ഗുസ്തി ഫെഡറേഷൻ നിയന്ത്രണം അഡ്ഹോക് കമ്മിറ്റി പൂർണമായും ഏറ്റെടുത്തത് ആദ്യവിജയമെന്ന് പൂനിയ മാധ്യമങ്ങളോട് പറഞ്ഞു. പിന്തുണയ്ക്കുന്ന സർക്കാർ ഉദ്യോഗസ്ഥരോട് തിങ്കളാഴ്ച ഓഫീസ് പരിസരത്ത് പ്രതിഷേധിക്കാനും താരങ്ങൾ ആഹ്വാനം ചെയ്തു.

അതിനിടെ, സമരവേദിയിലേക്ക് ഐക്യദാർഢ്യവുമായി അഖിലേന്ത്യ കർഷക തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി ബി വെങ്കട്ടും ജോയിന്റ് സെക്രട്ടറി വി ശിവദാസൻ എംപിയും അടക്കമുള്ള നേതാക്കളെത്തി. നീതിക്കായുള്ള പോരാട്ടത്തിൽ രാജ്യം താരങ്ങൾക്കൊപ്പമുണ്ടെന്ന് ശിവദാസൻ വ്യക്തമാക്കി. ഇത് പ്രധാനമന്ത്രിക്കും ബിജെപിക്കും മനസ്സിലായിട്ടില്ല. അവർ ബ്രിജ്ഭൂഷണെ സംരക്ഷിക്കുകയാണ്. കർഷക സംഘടനകൾ അടക്കം വിവിധ സംഘടനകളെ യോജിപ്പിച്ച് വലിയ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കും– ശിവദാസൻ പറഞ്ഞു. മഹാരാഷ്ട്രയിൽനിന്നുള്ള സിപിഐ എം എംഎൽഎ വിനോദ് നിക്കോളെയും സമരവേദി സന്ദർശിച്ചു.

ഐക്യദാർഢ്യ മാർച്ചുമായി എസ്എഫ്ഐ

ഗുസ്തി താരങ്ങൾക്ക് ഐക്യദാർഢ്യവുമായി സമരവേദിയിലേക്ക് മാർച്ച് നടത്തി എസ്എഫ്ഐ. രാജസ്ഥാൻ, ഹരിയാന, ഡൽഹി സംസ്ഥാനങ്ങളിൽനിന്ന് നൂറുകണക്കിനു പ്രവർത്തകർ മാർച്ചിനെത്തി. ഇന്ത്യയുടെ പതാക ലോകത്തിന് നെറുകയിൽ ഉയർത്തിയവർക്കാണ് സമരമിരിക്കേണ്ടി വന്നതെന്നും മറ്റു വിദ്യാർഥി സംഘടനകളുമായി ചേർന്ന് മോദി സർക്കാരിനെതിരെ സംയുക്ത പ്രക്ഷോഭം ഉയർത്തുമെന്നും അഖിലേന്ത്യ പ്രസിഡന്റ് വി പി സാനു പറഞ്ഞു. എസ്ഫ്ഐ ജനറൽ സെക്രട്ടറി മയൂഖ് ബിശ്വാസ്, ആദർശ് എം സജി, ദിപ്സിത ധർ, ഐഷി ഘോഷ് തുടങ്ങിയവർ സംസാരിച്ചു.

അന്തർദേശീയം

തീരംതൊട്ട് മോക്ക

- മ്യാന്മർ, ബംഗ്ലാദേശ് തീരങ്ങളിൽ വൻ നാശനഷ്ടം
- പത്തുലക്ഷത്തോളം റോഹിങ്ക്യൻ അഭയാർഥികൾ ദുരിതത്തിൽ

ധാക്ക

മോക്ക ചുഴലിക്കാറ്റ് ആഞ്ഞടിച്ചതിനെ തുടർന്ന് നാശനഷ്ടം നേരിട്ട മ്യാൻമറിലെ സിറ്റ്വെ തീരമേഖല

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട മോക്ക അതിതീവ്ര ചുഴലിക്കാറ്റ് ശക്തിപ്രാപിച്ച് ഞയറാഴ്ച മ്യാന്മർ, ബംഗ്ലാദേശ് തീരങ്ങളിൽ ഇടിച്ചിറങ്ങി.

ബംഗ്ലാദേശിന്റെ തെക്കുകിഴക്കൻ തീരപ്രദേശങ്ങളിൽ വലിയ നഷ്ടമുണ്ടായി. അഞ്ചുലക്ഷത്തോളം ആളുകളെ മാറ്റിപ്പാർപ്പിച്ചതിനാൽ വൻതോതിൽ ആളപായമുണ്ടായില്ല. മ്യാന്മാറിൽ അഭയം നഷ്ടപ്പെട്ട റോഹിങ്ക്യൻ ജനത അധിവസിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ അഭയാർഥി ക്യാമ്പായ കോക്സ് ബസാറിൽ 500 ലധികം മുളവീടുകൾ നശിച്ചു. പ്രദേശത്ത് നിരവധി ആളുകൾക്ക് പരിക്കേറ്റെന്നും മണിക്കൂറിൽ 200 കിലോമീറ്ററിലേറെ വേഗത്തിലാണ് കാറ്റുവീശുന്നതെന്നും അധികൃതർ അറിയിച്ചു. അടച്ചുറപ്പില്ലാത്ത ക്യാമ്പുകളിൽ കഴിയുന്ന പത്തുലക്ഷത്തോളം റോഹിങ്ക്യൻ അഭയാർഥികൾ ചുഴലിക്കാറ്റിന്റെ ദുരിതം അനുഭവിക്കുന്നു.ബസഞ്ചർ ദ്വീപിൽ റോഹിങ്ക്യൻ അഭയാർഥികൾക്കായി 55 ക്യാമ്പ് ഒരുക്കിയിട്ടുണ്ട്.

സെന്റ് മാർട്ടിൻ ദ്വീപിൽ നിരവധി വീടുകൾ പറന്നുപോയി. വിമാനത്താവളങ്ങൾ എല്ലാം അടച്ചു.

രണ്ട് പതിറ്റാണ്ടിനിടെ ബംഗ്ലാദേശിലെ ഏറ്റവും ശക്തമായ ചുഴലിക്കാറ്റാണിതെന്ന് കാലാവസ്ഥാ നിരീക്ഷകർ മുന്നറിയിപ്പ് നൽകി. മ്യാൻമറിൽ മൂന്നുപേർ മരിച്ചതായി റിപ്പോർട്ടുണ്ട്. മൂന്നുലക്ഷത്തിലധികം ആളുകളെ മാറ്റിപ്പാർപ്പിച്ചു. മ്യാൻമറിലെ സിറ്റ്വെ നഗരത്തിൽ കൊടുങ്കാറ്റ് വൻ നാശംവിതച്ചു.

വിധിയെഴുതി തുർക്കിയ

അങ്കാറ

പാർലമെന്റിലേക്കും പ്രസിഡന്റ് തെരഞ്ഞെടുപ്പിലും ശക്തമായ മത്സരം നടക്കുന്ന തുർക്കിയയിൽ വോട്ടെടുപ്പ് പൂർത്തിയായി. രണ്ടുപതിറ്റാണ്ടായി അധികാരത്തിലുള്ള പ്രസിഡന്റ് റെസിപ് തയ്യിപ് എർദോഗന് വലിയ വെല്ലുവിളിയാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പ്. സർവേ ഫലങ്ങളിൽ ആറ് പ്രതിപക്ഷപാർടികളുടെ സംയുക്ത സ്ഥാനാർഥി കെമാൽ കിലിച്ദാറോലുവിനാണ് മുൻതൂക്കം. എന്നാൽ 20 ശതമാനം വോട്ട് എണ്ണിയപ്പോൾ എർദോഗൻ മുന്നിലാണെന്ന് സർക്കാർമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. എന്നാൽ പ്രതിപക്ഷ മാധ്യമങ്ങൾ അവകാശവാദം തള്ളി.

ആദ്യവട്ട തെരഞ്ഞെടുപ്പിൽ ആർക്കും 50 ശതമാനം വോട്ട് ലഭിച്ചില്ലെങ്കിൽ ഒന്നും രണ്ടും സ്ഥാനത്തെത്തുന്നവർ തമ്മിൽ 28ന് രണ്ടാംവട്ട തെരഞ്ഞെടുപ്പിൽ ഏറ്റുമുട്ടും. അഞ്ച് തെരഞ്ഞെടുപ്പിൽ വിജയിച്ച് പ്രധാനമന്ത്രിയായും പ്രസിഡന്റായും രണ്ടു പതിറ്റാണ്ടായി അധികാരത്തിലുള്ള അറുപത്തൊമ്പതുകാരനായ എർദോഗൻ മൂന്നാംവട്ടമാണ് പ്രസിഡന്റ് സ്ഥാനത്തേക്ക് ജനവിധി തേടുന്നത്.

സുൽത്താൻ അൻസാരി അയോധ്യ വാർഡ് മെമ്പർ

- നാട്ടുകാരനായ സ്വതന്ത്രസ്ഥാനാർഥിയോട് ഏറ്റുമുട്ടി ബിജെപി മൂന്നാം സ്ഥാനത്ത്

അയോധ്യ

ഉത്തർപ്രദേശിലെ തദ്ദേശവാർഡ് തെരഞ്ഞെടുപ്പിൽ അയോധ്യയിലെ ഹിന്ദു ഭൂരിപക്ഷവാർഡിൽ സ്വതന്ത്രനായി മത്സരിച്ച മുസ്ലിം സ്ഥാനാർഥിക്ക് വിജയം. ബാബ്റി മസ്ജിദ് പൊളിച്ച് രാമക്ഷേത്രം നിർമിക്കണമെന്ന ആവശ്യവുമായി തീവ്രമായി രംഗത്തുണ്ടായിരുന്ന രാം അഭിറാം ദാസിന്റെ പേരിൽ അറിയപ്പെടുന്ന അയോധ്യയിലെ ഒന്നാം വാർഡിലാണ് നാട്ടുകാരനായ സുൽത്താൻ അൻസാരിയെന്ന ചെറുപ്പക്കാരൻ കന്നിമത്സരത്തിൽ അപ്രതീക്ഷിത വിജയം നേടിയത്.

സുൽത്താൻ അൻസാരി

“അയോധ്യയിലെ സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും മികച്ച ഉദാഹരണമാണിത്. എന്നെ ഇവിടെ ആരും മറ്റൊരു മതത്തിൽനിന്നുള്ള ഒരാളായി കണക്കാക്കിയിട്ടില്ല”– സുൽത്താൻ അൻസാരി പറഞ്ഞു. വാർഡിൽ ബിജെപി മൂന്നാം സ്ഥാനത്തായി. മറ്റൊരു സ്വതന്ത്രസ്ഥാനാർഥിയാണ് രണ്ടാം സ്ഥാനത്ത്.

അയോധ്യ മേയർ തെരഞ്ഞെടുപ്പിൽ ബിജെപിക്കാണ് ജയം. ആകെ 60 വാർഡിൽ ബിജെപി 27 സീറ്റ് നേടി. സമാജ്വാദി പാർടി 17 സീറ്റിൽ ജയിച്ചു.

ബ്രഹ്മോസ് സൂപ്പർ സോണിക് മിസൈൽ പരീക്ഷിച്ചു

ന്യൂഡൽഹി

ഇന്ത്യൻ നാവികസേനയുടെ മിസൈൽ നശീകരണ കപ്പൽ ഐഎൻഎസ് മോർമുഗാവോയിൽനിന്ന് ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈൽ വിജയകരമായി പരീക്ഷിച്ചു. ശബ്ദത്തിന്റെ മൂന്നിരട്ടി വേഗത്തിൽ കുതിക്കാൻ ശേഷിയുള്ളവയാണ് മിസൈലുകൾ. ഇന്ത്യ ബ്രഹ്മോസ് മിസൈലുകൾ കയറ്റുമതി ചെയ്യുന്നുണ്ട്.

സെയ്ഫ് അലിഖാനെതിരായ കേസ് ജൂണിൽ പരിഗണിച്ചേക്കും

മുംബൈ

ബോളിവുഡ് താരം സെയ്ഫ് അലിഖാനും രണ്ട് സുഹൃത്തുക്കളും ചേർന്ന് ദക്ഷിണാഫ്രിക്കൻ വ്യവസായിയെയും ഭാര്യാപിതാവിനെയും മർദിച്ച കേസിന്റെ വിചാരണ ജൂണിൽ തുടങ്ങിയേക്കും. മുംബൈയിലെ ഹോട്ടലിലായിരുന്നു സംഭവം. കേസിൽ അടുത്ത വാദം കേൾക്കുന്ന ജൂൺ 15 മുതൽ വിചാരണ ആരംഭിക്കാനാണ് സാധ്യത.

2012 ഫെബ്രുവരി 22ന് താജ് ഹോട്ടലിനുള്ളിലെ വസാബി റസ്റ്ററാന്റിൽ നടന്ന വഴക്കിനെത്തുടർന്ന് വ്യവസായി ഇഖ്ബാൽ മിർ ശർമ നൽകിയ പരാതിയെത്തുടർന്ന് സെയ്ഫിനെയും കൂട്ടുകാരെയും അറസ്റ്റ് ചെയ്തിരുന്നു. മൂന്നുപേരെയും പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു. നടന്റെയും സുഹൃത്തുക്കളുടെയും ഉച്ചത്തിലുള്ള സംസാരം ശർമ ചോദ്യം ചെയ്തതാണ് അടിപിടിയിൽ കലാശിച്ചത്.

ഗാസയിൽ വെടിനിർത്തൽ

ഗാസ സിറ്റി

- അഞ്ചുദിവസത്തിനിടെ ഇസ്രയേൽ കൊന്നൊടുക്കിയത് 33 പലസ്തീൻകാരെ

ഗാസ മുനമ്പിൽ അഞ്ചുദിവസമായി ഇസ്രയേൽ തുടരുന്ന കൂട്ടക്കുരുതിക്ക് അറുതി. ഈജിപ്തിന്റെ മാധ്യസ്ഥതയിൽ നടത്തിയ ചർച്ചകൾക്കൊടുവിലാണ് താത്കാലിക വെടിനിർത്തൽ. ഇസ്രയേൽ പലസ്തീൻ പാർപ്പിടസമുച്ചയങ്ങൾ ലക്ഷ്യമിട്ട് നടത്തിയ വ്യോമാക്രമണത്തിൽ അഞ്ചുദിവസത്തിനിടെ 33 പേർ കൊല്ലപ്പെട്ടു. സ്ത്രീകളും കുട്ടികളും കൊല്ലപ്പെട്ടു.

പലസ്തീൻ വിമോചനത്തിനായി പ്രവർത്തിക്കുന്ന ഇസ്ലാമിക് ജിഹാദ് എന്ന സംഘടനയുടെ നേതാക്കളെ ലക്ഷ്യമിട്ടാണ് വ്യോമാക്രണം നടത്തിയത്. സംഘടനയുടെ പ്രധാന മൂന്ന് നേതാക്കൾ കൊല്ലപ്പെട്ടതോടെയാണ് ഇസ്രയേൽ താത്കാലിക വെടിനിർത്തലിന് തയ്യാറായത്.

ജനവാസമേഖലയിൽ ബോംബാക്രമണമുണ്ടാകരുതെന്ന ആവശ്യമാണ് ഈജിപ്തുമായുള്ള സമാധാന ചർച്ചയിൽ പലസ്തീൻ പോരാട്ട സംഘടനകൾ ഉന്നയിച്ചത്. പലസ്തീൻ സംഘടനകൾ നടത്തിയ റോക്കറ്റാക്രമണത്തിൽ ഇസ്രയേലിൽ രണ്ടുപേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്.

ഭരണമാറ്റത്തിന് തായ്‌ലൻഡ്

ബാങ്കോക്ക്

- പ്രധാനമന്ത്രി പ്രയുത്ച നോച്ചയ്ക്ക് ഭൂരിപക്ഷം നഷ്ടപ്പെടാൻ സാധ്യത

ഞായർ വൈകിട്ട് അഞ്ചോടുകൂടി വോട്ടെടുപ്പ് പൂർത്തിയായ തായ്‌ലൻഡിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. 500 അംഗ സഭയിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത്. 2014ൽ അട്ടിമറിയിലൂടെ അധികാരം നേടിയ പ്രധാനമന്ത്രി പ്രയുത്ചനോച്ചയ്ക്ക് ഭൂരിപക്ഷം നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നാണ് റിപ്പോർട്ടുകൾ.

തങ്ങൾ വ്യക്തമായ ഭൂരിപക്ഷം നേടുമെന്ന് പ്രതിപക്ഷമായ ഫ്യൂ തായ് പാർടിയുടെ നേതൃത്വം പറഞ്ഞു. എന്നാൽ, ഭരണം നേടാൻ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയാൽമാത്രം പോരാ, 250 അംഗ സെനറ്റു കൂടിയുൾപ്പെട്ട സംയുക്തസഭയിൽ 376 വോട്ട് ലഭിക്കണം.

ബിജെപി പണമൊഴുക്കി തോൽപ്പിച്ചെന്ന് ഷെട്ടാർ

ബംഗളൂരു

പണമൊഴുക്കിയാണ് ഹുബ്ബള്ളി ധർവാർഡ് സെൻട്രൽ മണ്ഡലത്തിൽ ബിജെപി തന്നെ പരാജയപ്പെടുത്തിയതെന്ന് കർണാടക മുൻ മുഖ്യമന്ത്രി ജഗദീഷ് ഷെട്ടാർ പറഞ്ഞു. തന്നെ പരാജയപ്പെടുത്തുന്നതിൽമാത്രം ശ്രദ്ധിച്ചതോടെ ബിജെപിക്ക് സംസ്ഥാന ഭരണം നഷ്ടപ്പെട്ടു. ബിജെപിയുടെ മഹേഷ് തെങ്കിനക്കെ മുപ്പത്തിനാലായിരത്തിലധികം വോട്ടിനാണ് ഷെട്ടാറിനെ പരാജയപ്പെടുത്തിയത്. ബിജെപി വിട്ട് താൻ കോൺഗ്രസിലേക്ക് ചേക്കേറിയതോടെ ലിംഗായത്ത് പിന്തുണയോടെ 20–25 സീറ്റുകൾ കോൺഗ്രസിന് ജയിക്കാൻ കഴിഞ്ഞെന്നും ഷെട്ടാർ അവകാശപ്പെട്ടു.

വോട്ടർമാർക്ക് ബിജെപി സ്ഥാനാർഥി വ്യാപകമായി പണം വിതരണം ചെയ്തെന്ന് ഷെട്ടാർ ആരോപിച്ചു.

ഗുജറാത്തിൽ രണ്ടുവയസ്സുകാരനെ പുള്ളിപ്പുലി പിടിച്ചു

അംറേലി

ഗുജറാത്തിലെ അംറേലിയിൽ രണ്ടുവയസ്സുള്ള ആൺകുട്ടിയെ പുള്ളിപ്പുലി കടിച്ചുകൊന്നു. ഒരാഴ്ചയ്ക്കിടെ മൂന്നാം തവണയാണ് മേഖലയിൽ പുള്ളിപ്പുലി കുട്ടികളെ ആക്രമിക്കുന്നത്. അംറേലിയിലെ കട്ടാർ ഗ്രാമത്തിലെ കുടിലിൽ ഉറങ്ങുകയായിരുന്ന കുട്ടിയെ പുലി കടിച്ചുകൊണ്ടു പോകുകയായിരുന്നു. വീട്ടിലുണ്ടായിരുന്നവർ ബഹളംവച്ചതോടെ പുലി കുട്ടിയെ ഉപേക്ഷിച്ചുപോയി. കഴുത്തിന് ഗുരുതരമായി പരിക്കേറ്റ കുട്ടിയെ ഉടൻതന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.